13265
27/4/19

# കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അധിക ധനസഹായം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **2020/2019/റവ.** തിരുവനന്തപുരം, തീയതി, 25.07.2019.

================================================================================

പരാമർശം:- 1. സ.ഉ. (സാധാ) നം. 5088/2018/റവ., തീയതി, 08.12.2018.
2. സ.ഉ. (സാധാ) നം. 134/2019/റവ., തീയതി, 14.01.2019.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 05.07.2019-ലെ എൻ1-28248/2018 നമ്പർ കത്ത്.

## ഉത്തരവ്

പ്രളയക്കെടുതിയിൽ ആലപ്പുഴ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം 253.10 കോടി രൂപയായി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തിട്ടപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,26,55,00,000/- രൂപയും പരാമർശം (2) പ്രകാരം 125,45,92,800/- രൂപയും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. തഹസിൽദാർമാരിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുമ്പ് അനുവദിച്ച ധനസഹായത്തിന് പുറമേ 4,79,15,900/- രൂപയും അപ്പീൽ അപേക്ഷകളിൻമേൽ 220,95,69,400/- രൂപയും ഉൾപ്പെടെ ആകെ 225,74,85,300/- രൂപ കൂടി ജില്ലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വിതരണത്തിന് ആവശ്യമുള്ളതാണ് എന്നും ആയത് അടിയന്തിരമായി ജില്ലയ്ക്ക് അനുവദിച്ച നൽകണമെന്നും ആലപ്പുഴ ജില്ലാകളക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചു.. അനുവദിക്കേണ്ട തുക സംബന്ധിച്ച വിവരങ്ങൾ ആലപ്പുഴ ജില്ലാകളക്ടർ താഴെപ്പറയും പ്രകാരം ലഭ്യമാക്കുകയുണ്ടായി.

| നഷ്ട ശതമാനം | മാവേലിക്കര | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം | ആവശ്യമായ ഫണ്ട് |
|---|---|---|---|
| 15.00% | 116 | 4800 | 556800 |
| 16-29% | 143 | 31500 | 4504500 |
| 30-59% | 55 | 77500 | 4262500 |
| 60-74% | 64 | 179000 | 11456000 |
| 75-100% | 89 | 304900 | 27136100 |
| | | **ആകെ** | **4,79,15,900** |

...2/-

| നഷ്ട ശതമാനം | വീടുകളുടെ എണ്ണം | | | | | | | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധന സഹായം | ആവശ്യമായ ഫണ്ട് |
|---|---|---|---|---|---|---|---|---|---|
| | അമ്പലപ്പുഴ | ചേർത്തല | കുട്ടനാട് | ചെങ്ങന്നൂർ | കാർത്തികപ്പള്ളി | മാവേലിക്കര | ആകെ | | |
| 15.00% | 1398 | 1019 | 6209 | 2403 | 3282 | 634 | 14945 | 4800 | 71736000 |
| 16-29% | 1867 | 655 | 5485 | 3113 | 3504 | 437 | 15061 | 31500 | 474421500 |
| 30-59% | 1301 | 244 | 2663 | 1835 | 1166 | 243 | 7452 | 77500 | 577530000 |
| 60-74% | 316 | 137 | 816 | 478 | 335 | 82 | 2164 | 179000 | 38735600 |
| 75-100% | 340 | 158 | 1278 | 185 | 229 | 101 | 2291 | 304900 | 698525900 |
| | | | | | | | | TOTAL | 220,95,69,400 |

3. സർക്കാർ ഈ വിഷയം പരിശോധിച്ചു. മേൽ സാഹചര്യത്തിൽ ആലപ്പുഴ ജില്ലയ്ക്ക് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം അനുവദിച്ച ധനസഹായത്തിനു പുറമേ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ട തുകയിൽ ആദ്യഭാഗമായി 100,00,00,000/- (നൂറ് കോടി രൂപ മാത്രം) രൂപ കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. വിതരണത്തിനാവശ്യമായി വരുന്ന 100,00,00,000/- (നൂറ് കോടി രൂപ മാത്രം) രൂപ ***"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"*** എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തുക ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. വേണു. വി.
പ്രിൻസിപ്പൽ സെക്രട്ടറി.

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ), കേരള, തിരുവനന്തപുരം.

...3/-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.